# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3762 26.06.2012-ൽ മറുപടിയ്ക്ക്

**കാട്ടുതീ നിയന്ത്രണത്തിന് ആധുനിക സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കാട്ടുതീ നിയന്ത്രണത്തിന് നിലവിലുള്ള പരമ്പരാഗത രീതികൾക്കുപരിയായി അത്യാധുനിക യന്ത്ര സാമഗ്രികൾ ഉപയുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് | എ) കാട്ടുതീ തടയുന്നതിന് പരമ്പരാഗത രീതികൾക്കുപരിയായി അത്യാധുനിക യന്ത്ര സാമഗ്രികൾ ഉപയുക്തമാക്കുവാനുള്ള നടപടികൾ തുടങ്ങിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ കാട്ടുതീ ബാധിച്ച പ്രദേശങ്ങൾ എത്രയും പെട്ടെന്ന് കണ്ടെത്തുന്നതിനായി പി.ഡി.എ, മൊബൈൽ എന്നീ ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ട്. കൂടാതെ കാട്ടുതീ ബാധിച്ച വനപ്രദേശത്തെ സംബന്ധിച്ച വിവരം നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയുടെ വെബ്സൈറ്റ് മുഖേന ലഭ്യമാക്കി കാട്ടുതീ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാനായി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്ക് അപ്പപ്പോൾ നിർദ്ദേശം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഇല്ലെങ്കിൽ ഇത്തരം ആധുനികവത്കരണത്തിനുള്ള പഠനവും, പരിശ്രമവും നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | ബി) ബാധകമല്ല |

സെക്ഷൻ ഓഫീസർ